## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2232** **17.02.2016-ൽ മറുപടിയ്ക്ക്**

## ആശ്വാസനിധി പദ്ധതി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ആശ്വാസ നിധി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി "പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി" എന്ന പേരിലും 'സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന പേരിലും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്: | ബി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചികിത്സാ രംഗത്തുണ്ടായ മാറ്റങ്ങളും വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുകളും പരിഗണിച്ച് വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുക, പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് ധനസഹായം, പ്രകൃതി ക്ഷോഭം മൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം എന്നിവയും ടി പദ്ധതിയിലുൾപ്പെടുന്നു. |

| | | | |
|---|---|---|---|
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആർ.സി.സി, മലബാർ കാൻസർ സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, എസ്.എ.ടി എന്നീ സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മേൽ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം തുക അനുവദിച്ച് നൽകുകയും അവർ അവരുടെ അധീനയിലുള്ള ജില്ലാ, താലൂക്ക് ആശുപത്രികൾക്കും പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിച്ച് നൽകുന്നു. ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർ നൽകേണ്ട രേഖകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുകയും പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കാവുന്ന പരമാവധി ചികിത്സാ ചെലവ് വിവിധ തലങ്ങളിൽ അനുവദിക്കാവുന്നതിന്റെ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് ആശുപത്രി തലത്തിലും, ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മോണിറ്ററിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ